(സി) ചെർക്കള-ജാൽസൂർ റോഡ്, പള്ളിക്കര-പെരിയ റോഡ്, വിദ്യാനഗർ-മെയ്പാടി-സീതാംഗോളി റോഡ് എന്നീ പണികൾ പൂർത്തിയായി.

(ഡി) രണ്ടു വർഷത്തിനകം പൂർത്തിയാക്കാമെന്ന് കരുതുന്നു.

(ഇ ആന്റ് എഫ്) കെ. എസ്. റ്റി. പി. മുഖേന കാസർഗോഡ് കാഞ്ഞങ്ങാട് റോഡ് (28 കിലോമീറ്റർ) രണ്ടാംഘട്ട അപ്ഗ്രഡേഷനിൽ ഉൾപ്പെടുത്തി പണികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. റോഡുകളും പാലങ്ങളും വിഭാഗത്തിൽ പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഒന്നും തന്നെ എടുത്തിട്ടില്ല.

തൃശ്ശൂർ ജില്ലയിൽ വേൾഡ് ബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച റോഡുകൾ

276 [2332] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വേൾഡ് ബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര റോഡുകൾ നിർമ്മിച്ചിട്ടുണ്ട്; ഓരോ റോഡുകളുടേയും നിർമ്മാണത്തിനായി എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കാമോ;

(ബി) കൂർക്കഞ്ചേരി- കൊടുങ്ങല്ലൂർ റോഡ്, പെരുമ്പിളിശ്ശേരി-തൃപ്രയാർ റോഡിന്റെ സൈഡ് എന്നിവ ശരിയായ വിധത്തിൽ പണി നടത്താത്തതിനാൽ അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനു പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ഈ റോഡുകളുടെ സൈഡുകളിൽ കാന കെട്ടുകയോ, സൈഡ് പ്രൊട്ടക്ഷൻ നടത്തുകയോ ചെയ്യാതിരുന്ന കരാറുകാർക്ക് മുഴുവൻ തുകയും കൊടുക്കുവാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത റോഡുകളുടെ പണികളെല്ലാം പൂർത്തിയായി എന്ന് ആരാണ് സാക്ഷ്യപ്പെടുത്തി കൊടുത്തത്; തെറ്റായ വിധത്തിൽ സാക്ഷ്യപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുമോ;

(എഫ്) റോഡുകളുടെ നിർമ്മാണത്തിലെ പോരായ്മകൾ സംബന്ധിച്ച് കെ. എസ്. ടി. പി. ചെയർമാന് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

നം.	റോഡ്	ചിലവഴിച്ച തുക (31-3-2004 വരെ)
1.	തൃശൂർ-കൊടുങ്ങല്ലൂർ (ഒന്നാം വർഷ മെയിന്റനൻസ്)	7.48 കോടി രൂപ
2.	പോട്ട, മുന്നു പീടിക (ഒന്നാം വർഷ മെയിന്റനൻസ്)	4.66 കോടി രൂപ
3.	ചേർപ്പ് തൃപ്രയാർ (ഒന്നാം വർഷ മെയിന്റനൻസ്)	2.72 കോടി രൂപ
4.	തൃശൂർ-കുറ്റിപ്പുറം (ഒന്നാം വർഷ അപ്ഗ്രഡേഷൻ)	22.4 കോടി രൂപ

(ബി) ഈ പദ്ധതിയിൽ ഏറ്റെടുത്ത റോഡുകളുടെ പണികളിൽ അപാകത ഉണ്ടായിട്ടില്ല. ഇതു കാരണം അപകടങ്ങൾ ഉണ്ടായിട്ടുമില്ല.

(സി) ഈ റോഡുകളിൽ ഒരു വർഷത്തിനകം ഉണ്ടാകുന്ന അറ്റകുറ്റപ്പണികൾ കരാറുകാരൻ തന്നെ ചെയ്യണമെന്ന് വ്യവസ്ഥയുള്ളതിനാൽ മറ്റാരെയും ചുമതലപ്പെടുത്തിയിട്ടില്ല.

(ഡി) ഈ റോഡുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ സ്ഥലലഭ്യതയ്ക്കനുസരിച്ച് കാനകൾ നിർമ്മിച്ചിട്ടുണ്ട്. കാനകൾ നിർമ്മിച്ച അളവിനു മാത്രമേ കരാറുകാർക്ക് തുക കൊടുത്തിട്ടുള്ളൂ.

(ഇ) കരാറുകാരൻ ചെയ്തു തീർത്ത പണികൾ കൺസൾട്ടന്റായ ഇന്റർ കോൺടിനെന്റൽ ടെകനോക്രാറ്റ് (ICT), ന്യൂഡൽഹി എന്ന സ്ഥാപനം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കേണ്ട കാര്യം ഉദിക്കുന്നില്ല.

(എഫ്) ഉണ്ട്. പരാതി പരിശോധിച്ചുവരുന്നു.

കേരള സംസ്ഥാന ട്രാൻസ്പോർട്ട് പ്രോജക്ടിന് ലഭ്യമായിട്ടുള്ള വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ

277 [2334] ശ്രീ. ടി. കെ. ബാലൻ:

„ സാജുപോൾ:

„ മഞ്ഞളാംകുഴി അലി:

„ വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ട്രാൻസ്പോർട്ട് പ്രോജക്ടിന് ഇതുവരെ അംഗീകാരം ലഭിച്ച വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly